بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
***20 November 2020 / 04 Rabi'ul Aakhir 1442 AH***

## *Duahs (Invocations)* (Pt. 20) ദുആകൾ (ഭാഗം-20)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം ദുആകൾ എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഇരുപതാമത്തെ പ്രസംഗം ആരംഭിക്കുകയുണ്ടായി. അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അവ എനിക്ക് വെളിപാടുകളായി നല്കിയ ദുആകൾ ആണ്, അത് ഇന്നത്തെ ഖുത്തുബയിലും തുടരുകയാണ്. അവന്റെ സന്നിധിയിൽ നമുക്ക് കൂടുതൽ നല്ല ഇടം ലഭിക്കുവാനുള്ള നല്ല ജീവിതം അവൻ നമുക്ക് നല്കി അനുഗ്രഹിക്കട്ടെ. അവനിലേക്കുള്ള വഴി അവൻ നമുക്ക് തുറന്നു നല്കട്ടെ, അവനെ സമീപിക്കുവാനുള്ള വഴികളും, തുറന്നു തരട്ടെ! ആമീൻ! സുമ്മ ആമീൻ!

മാനവകുലത്തിനുമൊത്തത്തിലും, വിശിഷ്യാ മുസ്ലിം സഹോദരീ സഹോദരന്മാർക്കും, സത്യാന്വേഷികളായ സകലമാനപേർക്കും, എന്റെ എല്ലാ നിഷ്ക്കളങ്ക അനുചരന്മാർക്കുമായി, അവരുടെ നന്മയ്ക്കായി പ്രാർത്ഥനകൾ എന്ന വിഷയത്തെ ആസ്പദമാക്കി 20 ഖുത്തുബകൾ നിർവ്വഹിക്കുവാനുള്ള സുവർണ്ണാവസരം എനിക്ക് നല്കി അനുഗ്രഹിച്ച എന്റെ റബ്ബിന് എന്തെന്നില്ലാത്ത നന്ദി ഞാൻ രേഖപ്പെടുത്തുകയാണ്.

നിങ്ങൾക്കറിയാവുന്നതുപോലെ, മാനവരാശി അപകടത്തിലാണ്, ആയതിനാൽ നാം വളരെയധികം ദുആ ചെയ്യേണ്ടതായിട്ടുണ്ട്. എല്ലാവിധ പ്രയാസങ്ങളിൽ നിന്നും, അപകടങ്ങളിൽ നിന്നും, രോഗങ്ങളിൽ നിന്നും, വൈറസ് ആക്രമണങ്ങളിൽ നിന്നും, കുറ്റകരമായ തെറ്റുകളിൽ നിന്നും, സാമ്പത്തിക പ്രയാസങ്ങളിൽ നിന്നും തുടങ്ങിയ എല്ലാവിധ ക്ലേശങ്ങളിൽ നിന്നും നമ്മെ രക്ഷപ്പെടുത്തുവാൻ അല്ലാഹുവിന് മാത്രമെ സാധിക്കുകയുള്ളു. ഇൻശാ അല്ലാഹ്!

നിങ്ങളുടെ ഇടയിൽ അല്ലാഹുവിന്റെ ഒരു ദൂതൻ ഉള്ളതിനാൽ, ഈ നൂറ്റാണ്ടിലെ നിങ്ങളെല്ലാപേരും മഹാഭാഗ്യവാന്മാരാണ്, എന്നാൽ അത്ഭുതം! നിങ്ങളിൽ കുറച്ചു പേർ മാത്രമാണ് ഇതിനെ വിലയ്ക്കെടുക്കുന്നത്. വളരെയധികം ആളുകളും ഈ ദൈവീക സന്ദേശത്തെ, അനുഗ്രഹത്തെ അവഗണിച്ചു കളയുന്നു. ദൈവത്തിന്റെ ദൂതനെ അവർ അവഗണിച്ചു കളയുന്നു.

ഈ ദൈവീക അനുഗ്രഹങ്ങളെ അംഗീകരിക്കുന്നവർ വളരെ വലിയ ഭാഗ്യവാന്മാർ തന്നെയാണ്. ദൈവദൂതനെ പൂർണ്ണമനസ്സോടെ, നിഷ്ക്കളങ്കതയോടെ അംഗീകരിക്കുന്നവർ ഭാഗ്യവാന്മാർ തന്നെ! എനിക്ക് നിങ്ങൾക്ക് ഉറപ്പ് നല്കുവാൻ കഴിയും, അതായത്, ഈ നിഷ്ക്കളങ്കതയോടെ അംഗീകരിക്കുന്നവർ ഭാഗ്യവാന്മാർ

തന്നെ! എനിക്ക് നിങ്ങൾക്ക് ഉറപ്പ് നല്കുവാൻ കഴിയും, അതായത്, ഈ നിഷ്കളങ്ക അനുചരന്മാർ, അവരെ അല്ലാഹു അനുഗ്രഹിക്കും, തീർച്ചയായും അത്തരക്കാർ നിങ്ങളുടെ രക്ഷിതാവിന്റെ സംരക്ഷണത്തിലായിരിക്കും സദാസമയവും, പരലോകത്ത് വെച്ച് ഇൻശാ അല്ലാഹ്! നിങ്ങൾക്ക് വളരെ മഹത്തായ പ്രതിഫലമായിരിക്കും ലഭിക്കുക. നിങ്ങൾ അല്ലാഹുവിൽ സംതൃപ്തിരായിരിക്കും. അവന്റെ വഴിയിൽ ഇഹലോകത്ത് നിങ്ങൾ ചെയ്യുന്ന ത്യാഗങ്ങളെല്ലാം, നാളെ പരലോകത്ത് വളരെ വലിയ സ്ഥാനമാനങ്ങൾക്ക് കാരണമായി തീരുന്നതാണ്. അനന്തമായ അവന്റെ ആത്മീയ ലോകത്ത് വളരെ വലിയ സൗഭാഗ്യങ്ങൾക്ക് കാരണമായി തീരുന്നതാണ്. ആമീൻ.

നമ്മുടെ ഈ മഹത്തായ ദൈവീക അനുഗ്രഹ നൂറ്റാണ്ടിൽ, ഈ ദൈവീക ദൃഷ്ടാന്ത കാലയളവിൽ വെളിവാക്കപ്പെ ഏതാനും ദുആകൾ നിങ്ങളുടെ മുൻപാകെ സമർപ്പിക്കുകയാണ്.

ഞങ്ങളുടെ നാഥാ! ഞങ്ങൾ രക്തസാക്ഷികളുടെ അവസ്ഥയിലെത്തിച്ചേർന്നിരിക്കുന്നു. (നമ്മുടെ ശത്രുക്കളുടെ പേരുകൾ എടുത്തുപറയുക) ഞങ്ങളെയും ഞങ്ങൾക്കെതിരിൽ നില്ക്കുന്നവരേയും നീ വേർതിരിച്ച് കാണിക്കേണമെ! സത്യത്തെ വളച്ചൊടിക്കുന്നവർ, അധർമ്മികളായവർ, സമാധാനലംഘകരായവർ, കുഴപ്പകാരികളായവർ, അങ്ങനെയുള്ളവരെ ഞങ്ങളിൽ നിന്നും വേർതിരിച്ചു നിർത്തേണമെ!

എന്റെ നാഥാ! നീ എന്റെ മേൽ കാരുണ്യത്തോടെ തിരിയേണമെ! തീർച്ചയായും നിന്റെ കാരുണ്യവും അനുകമ്പയും എന്റെ മേൽ ഇറങ്ങുന്ന ശിക്ഷയിൽ നിന്നും എന്നെ അകറ്റുന്നതുതന്നെയാണ്.

എന്റെ നാഥാ! നീയാണ് എനിക്ക് സൗഖ്യം നല്കുന്നവൻ. നിന്റെ അനുകമ്പയാണ് എന്റെ സംരക്ഷണ വലയം, നിന്റെ മഹത്വമാണ് എന്റെ ഭക്ഷണം! നിന്റെ പ്രവർത്തി എന്നെ വലയം ചെയ്തു നില്ക്കുന്നു.

എന്റെ നാഥാ! എല്ലാ ഭാഗങ്ങളിലും സമ്പൂർണ്ണമായി വലയം ചെയ്തു നില്ക്കുന്ന നിന്റെ ഗുണവിശേഷങ്ങളെ നീ എനിക്ക് കാണിച്ചു തന്നാലും!

എന്റെ നാഥാ! നീയാണ് ഏറ്റവും നന്നായി മാപ്പു നല്കുന്നവൻ, ഏറ്റവും നല്ല ഔദാര്യവാൻ, ഏറ്റവും കാരുണ്യം ചെയ്യുന്നവൻ. ആയതിനാൽ നീ എനിക്ക് മാപ്പ് ചെയ്താലും.

ഏറ്റവും മഹത്വമുടയവനും ഏറ്റവും സമുന്നതനുമായ അല്ലാഹുവിനോട് ഞാൻ പാപമോചനത്തിനായി യാചിക്കുന്നു.

അല്ലാഹുവേ! ഈ ലോകത്തിലുള്ള എല്ലാ പ്രയാസങ്ങളിൽ നിന്നും നീ എന്നെ കരകയറ്റേണമെ! ഖബ്റിലെ ശിക്ഷയിൽ നിന്നും നീ എന്നെ രക്ഷിക്കേണമെ! ഉയർത്തെഴുന്നേല്പ് നാളിലെ ഭീകരതയിൽ നിന്നും രക്ഷിക്കേണമെ!

അല്ലാഹു(ത) ഉദ്ദേശിക്കുന്നതാണ് നടക്കുന്നത്. അതിനെ അതിജയിക്കാൻ ഒരു ശക്തിയും അധികാരിയുമില്ല.

യാ അല്ലാഹ്! കാര്യങ്ങൾ എളുപ്പമാകുന്നത് നീ എളുപ്പമാക്കുന്നതു

കൊണ്ടാണ്. എപ്പോഴൊക്കെ നീ ഉദ്ദേശിക്കുന്നുവോ, പ്രയാസമേറിയ കാര്യങ്ങളെല്ലാം എളുപ്പമായി മാറുന്നതാണ്.

യാ അല്ലാഹ്! എന്റെ എല്ലാവിധ തെറ്റുകളിൽ നിന്നുമുള്ള മോചനത്തിനായി ഞാൻ നിന്നിലേക്ക് പശ്ചാത്തപിച്ചു മടങ്ങുന്നു. ഞാൻ, ഒരിക്കലും പ്രസ്തുത തെറ്റിലേക്ക് മടങ്ങുകയുമില്ല.

ദുഃഖവും, ഉത്ഖണ്ഠയും, പ്രയാസവും എന്നെ വലയം ചെയ്തപ്പോൾ, 2002 ഏപ്രിൽ മാസത്തിൽ അല്ലാഹു(ത) എനിക്ക് ഈ ദുആ വെളിപ്പെടുത്തി തരികയുണ്ടായി.

അല്ലാഹു(ത) എനിക്ക് മതിയായവനാണ്, അവൻ എത്ര വലിയ സംരക്ഷകൻ! ഒരിക്കലും മരിക്കാത്ത എന്നെന്നും ജീവിച്ചിരിക്കുന്നവനിൽ ഞാൻ ആശ്രയം കൊള്ളുന്നു. പുത്രനില്ലാത്തവനായ ദൈവം, അധികാരത്തിൽ പങ്കാളി ഇല്ലാത്തവനായ ദൈവം, അപമാനത്തിൽ നിന്നും അവനെ രക്ഷിക്കുവാൻ സുഹൃത്തില്ലാത്തവനായ ദൈവം, അത്തരത്തിലുള്ളവന്റെ മഹത്വം പരമോന്നതം തന്നെ, അവന്റെ മഹത്വത്തെ വാഴ്ത്തുന്നു. പ്രകീർത്തിക്കുന്നു. അല്ലയോ എന്നെന്നും നിലനില്ക്കുന്നവനെ! എല്ലാത്തിനെയും നിലനിർത്തുന്നവനെ! നിന്റെ കാരുണ്യത്തിനായി ഞാൻ അർത്ഥന ചെയ്യുന്നു.

2001 ൽ പുറത്താക്കപ്പെട്ട അമീറും അദ്ദേഹത്തിന്റെ മുല്ലാക്കളും എന്നെ അപമാനിക്കുകയുണ്ടായി., അവർ എനിക്കെതിരായി പദ്ധതികൾ തയ്യാറാക്കി. ശത്രുതയും വിദ്വേഷവും അവർ ഇളക്കി വിട്ടു. ജനങ്ങളുടെ മുൻപാകെ എന്നെ അവർ പരിഹസിക്കുവാൻ പദ്ധതി തയ്യാറാക്കി. എല്ലാവിധ പരിഹാസങ്ങളും അവർ എന്നിൽ ചൊരിയുകയായിരുന്നു. കാരണം, എനിക്ക് അല്ലാഹു(ത) വഹ്‌യ് നല്കുന്നതായിരുന്നു. അവർ എന്നെ പരിഹസിക്കുക മാത്രമല്ല ചെയ്തത്, മറിച്ച് അല്ലാഹുവിന്റെ വചനങ്ങളെ അവർ നിസ്സാരവൽക്കരിക്കുകയും ചെയ്തു. അവരുടെ തന്നെ നന്മയ്ക്കായി വാനലോകത്തു നിന്നും ചൊരിഞ്ഞ സംശുദ്ധജലത്തെ അവർ മലീമസമാക്കി.

എനിക്കെതിരായി അവരുടെ ശത്രുത പരിപാടി ആരംഭിച്ചപ്പോൾ, എനിക്കവർ നിസ്സഹകരണം ഏർപ്പെടുത്തിയപ്പോൾ, എന്നെ അവർ പരിഹാസപാത്രമാക്കിയപ്പോൾ, എന്റെ റബ്ബിന്റെ ദൃഷ്ടാന്തങ്ങളെയും അടയാളങ്ങളെയും അവർ പരിഹസിച്ചപ്പോൾ ഞാൻ വല്ലാത്ത ഉത്ഖണ്ഠയിലായി തീർന്നു. അങ്ങനെ ഞാൻ രോഗിയുമായി തീർന്നു. ആഴ്ചയിൽ അഞ്ച് പ്രാവശ്യം ഒരു ബസ്സിൽ കയറി സമീപത്തുള്ള ആൽബിയോൺ എന്ന കടൽ തീരത്ത് പോയി 9.a.m.മുതൽ 2.30 p.m.വരെ അവിടെ ഇരിക്കുമായിരുന്നു. വിങ്ങിയഹൃദയത്തോടെ, കവിളുകളിലൂടെ അശ്രുകണങ്ങൾ ഒഴുകുന്ന അവസ്ഥയിൽ, ഒരു മൂലയിൽ, ഒരു മുസല്ലയിൽ ഞാൻ അല്ലാഹുവിനോട് ദുആ ചെയ്തുകൊണ്ടിരുന്നു. വളരെയധികം സമയം! എന്റെ കണ്ണുനീർ ഒരു തുറന്ന ടാപ്പ് പോലെയായിരുന്നു. ഞാൻ എന്തുചെയ്യണമെന്നറിയാത്ത അവസ്ഥയിലായിരുന്നു. മാർഗ്ഗദർശനത്തിനായി ഞാൻ അല്ലാഹുവിനോട് ദുആ ചെയ്തു കൊണ്ടിരുന്നു. ഒരു മനുഷ്യനെന്ന നിലയിൽ എന്റെ ജമാഅ

ത്തിലെ ആളുകൾ എന്നോട് ചെയ്തതതോർത്തു ഞാൻ വളരെയധികം വിഷമിച്ചു. വിശിഷ്യ എന്റെ ആത്മീയ വഴികാട്ടിയായ പരേതനായ 4-ാം ഖലീഫ ചെയ്തത് എനിക്ക് വളരെ വലിയ വിഷമത്തിനു കാരണമായി. എന്റെ സമുദായവും എന്റെ കുടുംബവും എന്നെ തിരസ്ക്കരിച്ചിരിക്കുന്നു എന്ന യാഥാർത്ഥ്യം ഞാനറിഞ്ഞു. എന്റെ വീട്ടിൽ ഒരജ്ഞാത ദുഃഖം ഞങ്ങളെ വരിഞ്ഞു മുറുക്കി-ഞാനും എന്റെ ഭാര്യയും-ആരോ വീട്ടിൽ മരിച്ചു പോയതുപോലെയുള്ള ഒരവസ്ഥ. ഇതൊക്കെ ഞങ്ങളെ ബാധിക്കുകയുണ്ടായി. ഈ ദുഃഖസാഹചര്യത്തിൽ, എന്റെ സഹോദരൻ സഫറുല്ലാഡുമൂൺ സാഹിബ് എന്നോടൊപ്പമുണ്ടായിരുന്നു. ഞങ്ങളിരുവരേയും ഒരുമിച്ചാണ് നിസാമെ ജമാഅത്തിൽ നിന്നും പുറത്താക്കപ്പെട്ടത്, അദ്ദേഹവും അദ്ദേഹത്തിന്റെ കുടുംബവും ഞങ്ങളെ പിന്താങ്ങുന്ന സ്തംഭങ്ങളായി നിലകൊള്ളുകയുണ്ടായി. അതിതീവ്രമായ ഈ പരീക്ഷണ സമയത്ത് അദ്ദേഹം എന്നെ വിളിക്കുകയും സുഖവിവരങ്ങൾ ആരായുകയും ചെയ്തുകൊണ്ടിരുന്നു. ഞങ്ങളിരുവരും ഞങ്ങളുടെ ഹൃദയവികാരങ്ങൾ പങ്കുവെച്ചു കൊണ്ടിരുന്നു.

ഈ അതിദുഃഖാവസ്ഥയിലും അതിതീവ്രപരീക്ഷണഘട്ടത്തിലും ഞാൻ അല്ലാഹുവിനോട് വളരെയധികം ദുആ ചെയ്തുകൊണ്ടിരുന്നു. എന്റെ പ്രാർത്ഥനകൾക്ക് അല്ലാഹു(ത) ഉത്തരം നല്കിക്കൊണ്ടിരുന്നു. അവൻ അവനെ സ്വയം പ്രത്യക്ഷീഭവിച്ച് അവൻ ഞങ്ങളോടൊപ്പമുണ്ട് എന്ന് ബോധ്യപ്പെടുത്തുകയുണ്ടായി. ഞങ്ങൾ മാത്രമല്ല, അവനും ഞങ്ങളോടൊപ്പമുണ്ട് എന്ന് കാണിക്കുകയുണ്ടായി. അവൻ എനിക്ക് വെളിപ്പെടുത്തി തന്ന പ്രാർത്ഥന കാണുക (2001 ആഗസ്റ്റ് മാസത്തിൽ ആൽബിയോൻ കടൽ തീരത്ത് സുഹ്ർ പ്രാർത്ഥനാനന്തരം ലഭിച്ചത്)

യാ അല്ലാഹ്! ഞാൻ നിന്റെ അടിമയാണ്. നിന്റെ അടിമയുടെ പുത്രനാണ്, നിന്റെ അടിമപ്പെണ്ണിന്റെ പുത്രനാണ്. (അതായത് ഞാൻ പൂർണ്ണമായും നിന്റെ നിയന്ത്രണത്തിലാണ്) നിന്റെ വിധിയാണ് എന്നിൽ നിലനില്ക്കുന്നത്, തീർച്ചയായും പ്രസ്തുത വിധി നീതിയുറ്റതും ശരിയായതുമാകുന്നു. നിനക്ക് നീ നല്കിയിട്ടുള്ള നിന്റെ അഖില നാമങ്ങൾകൊണ്ടും, അഥവാ നിന്റെ ഗ്രന്ഥത്തിൽ നിനക്ക് നല്കിയിട്ടുള്ള സകലനാമങ്ങളാലും, അഥവാ നീ നിന്റെ അറിവിൽ മറച്ചുവെച്ചതാകാം, നിന്റെ വിശുദ്ധഖുർആൻ എന്റെ ഹൃദയത്തിന് വെളിച്ചമായി, കണ്ണിന് തിളക്കമായി, എന്റെ വിഷമങ്ങൾക്കും പ്രയാസങ്ങൾക്കും മരുന്നായി നല്കിയാലും! അതിനായി ഞാനിതാകേണപേക്ഷിക്കുന്നു. അല്ലാഹുവിന്റെ ശക്തിയും, കഴിവുമല്ലാതെ മറ്റൊരു ശക്തിയും കഴിവുമില്ലതന്നെ!

അല്ലാഹു(ത) അതിമഹത്തായ അനുഗ്രഹത്താൽ എന്റെ ദുഃഖങ്ങൾ, പ്രയാസങ്ങൾ, വിഷമതകൾ, ഉത്ഖണ്ഠകൾ എല്ലാം എല്ലാം അവൻ എന്നിൽ നിന്നും നീക്കം ചെയ്യുകയുണ്ടായി. പകരം സന്തോഷവും ആഹ്ലാദവും നല്കിയനുഗ്രഹിച്ചു. 2001 സെപ്തബർ മാസാരംഭത്തിൽ ഒരു ശനിയാഴ്ച ദിവസം അല്ലാഹു(ത) എന്നെ അവൻ എനിക്ക് ഒരു നവജാതശിശുവിനെ നല്കി അനുഗ്രഹിച്ചു. പ്രസ്തുത കുട്ടിയുമായി ഞങ്ങൾ ഞങ്ങളുടെ മുറ്റത്തേക്ക് പ്രവേശിച്ചു. വാതിൽ തുറന്നു,

അതിമനോഹരമായ ബാങ്ക് ഒലികൾ കേൾക്കുകയുണ്ടായി. പ്രസ്തുത ബാങ്കിന്റെ സൗന്ദര്യം എത്രയാണെന്ന് എനിക്ക് വാക്കുകൾ കൊണ്ട് വർണ്ണിക്കുവാൻ കഴിയുകയില്ല. അന്നേദിവസം എന്റെ കയ്യിൽ ആകെ 50 രൂപാ മാത്രമെ ഉണ്ടായിരുന്നുള്ളു. എന്നാൽ രണ്ടു മണിക്കൂറിനകം അല്ലാഹു(ത) ഈ സാഹചര്യത്തിന് മാറ്റം വരുത്തുകയുണ്ടായി. എന്റെ അഭ്യുദയകാംഷികളായവരും എന്റെ ആത്മീയ സഹോദരീ സഹോദരന്മാരും, ഞാൻ ചെയ്തുകൊണ്ടിരിക്കുന്ന ദീൻ ജോലികൾ മനസ്സിലാക്കിയവരും എനിക്ക് ലഭിച്ചുകൊണ്ടിരുന്ന ഈ ദൈവീക വെളിപാടുകളിൽ വിശ്വസിച്ചവരും, ഞങ്ങളെ സന്ദർശിക്കുവാൻ വരുകയുണ്ടായി. ഞങ്ങളുടെ കുടുംബത്തിലെ കൂട്ടിച്ചേർക്കലുകൾ അവരറിഞ്ഞു. അവരെയും അഹ്മദിയ്യ വിഭാഗത്തിലെ മുഖ്യധാരാ പ്രവർത്തകർ നിസ്സഹകരണത്താലും മറ്റു പലവിധത്തിലും പീഡിപ്പിക്കുകയുണ്ടായി. കാരണം അവർ ഈ വിനീതനിലിറങ്ങിയ ദൈവീക ദൃഷ്ടാന്തത്തിൽ വിശ്വസിക്കുകയുണ്ടായി. അവർ വന്നത് രൂപായും,കുട്ടിഉടുപ്പുകളും, ആഹാരവും മറ്റുമായിട്ടായിരുന്നു.

വളരെ പെട്ടെന്നു തന്നെ എന്റെ ഭവനം സന്തോഷത്താൽ പ്രകമ്പനം കൊള്ളുകയുണ്ടായി. അസാധാരണമായ സന്തോഷം! വസ്ത്രമില്ലാതിരുന്ന പ്രസ്തുത കുട്ടിയ്ക്ക് രണ്ട് മണിക്കുറുകൾക്ക് ശേഷം, അവന് വളരെയധികം വസ്ത്രങ്ങൾ ലഭിക്കുകയുണ്ടായി. അതോടൊപ്പം പാലും ലഭിക്കുകയുണ്ടായി. എന്റെ പ്രിയ മാതാവിനെ എനിക്കൊരിക്കലും മറക്കുവാൻ സാധിക്കുകയില്ല. അവരെന്നും സത്യത്തിനോടൊപ്പം നില്ക്കുകയുണ്ടായി. അല്ലാഹുവിനെയല്ലാതെ ഒരു സൃഷ്ടിയേയും അവർ ഭയന്നിട്ടുമില്ല. പ്രസ്തുത സമയത്ത് അവർ വാർദ്ധക്യത്തിലായിരുന്നെങ്കിലും അവർ എന്നോടൊപ്പം വന്നു നില്ക്കുകയുണ്ടായി. എന്നെ അവർ സാമ്പത്തികമായി സഹായിക്കുകയും ചെയ്തു. എന്റെ സഹോദരൻ സഫറുല്ലാ ഡുമൂൺ സാഹിബ് എന്നോട് വൈകാരികമായി മാത്രമല്ല സാമ്പത്തികമായും എന്നെ സഹായിച്ചിട്ടുണ്ട് എന്ന കാര്യം ഞാൻ ഇവിടെ പ്രത്യേകമായി ഓർക്കേണ്ടതായിട്ടുണ്ട്. അന്താരാഷ്ട്ര സദ്ർസാഹിബ ഫസ്‌ലെ അമീനയുടെയും അവരുടെ കുട്ടികളുടേയും അതുപോലെ അവരുടെ സഹോദരി ഷിരീൻ (ഇപ്പോൾ മരണപ്പെട്ടു) സാഹിബയും-അല്ലാഹു(ത) അവർക്ക് പൊറുത്തു കൊടുക്കുകയും, ജന്നത്തുൽ ഫിർദൗസിൽ ഉന്നതസ്ഥാനം നല്കി അനുഗ്രഹിക്കുകയും ചെയ്യട്ടെ-(ആമീൻ) അതുപോലെ നാസിറ ബീബിയുടെ സഹോദരൻ, മുനീർ ഒളി മുഹമ്മദ് അവർകളും അദ്ദേഹത്തിന്റെ ഭാര്യയും കുട്ടികളും വളരെ വലിയ പിന്താങ്ങൽ ചെയ്തിട്ടുണ്ട് എന്ന കാര്യവും ഇവിടെ നന്ദിപൂർവ്വം ഓർക്കുകയാണ്. ഇനിയും വളരെയധികം ആളുകളുണ്ട്-ലിസ്റ്റ് ദൈർഘ്യമേറിയതാണ്. അല്ലാഹു(ത) എനിക്ക് വഴികാണിക്കുകയും എന്റെ ഭവനത്തിൽ വളരെയധികം സന്തോഷം കൊണ്ടു വരുകയും ചെയ്തു. മാശാഅല്ലാഹ്. ഞാൻ അവരെ ആരെയും മറന്നിട്ടില്ല. അവർ ചെയ്ത നല്ല പ്രവർത്തനങ്ങളെയും മറന്നിട്ടില്ല. അവർ ചെയ്ത നല്ല പ്രവർത്തനങ്ങൾക്കെല്ലാം പ്രതിഫലം നല്കുവാൻ കഴിവുറ്റൻ അല്ലാഹു(ത) മാത്രമാണ്. തീർച്ചയായും അല്ലാഹു(ത) അവൻ തന്നെയാണ് അവർക്ക് മാർഗ്ഗദർശനം നല്കിയതും അവരെ എന്റെ വീട്ടു

പടിക്കൽ എത്തിച്ചതും!എന്റെ ഭവനത്തിൽ സന്തോഷം നിറച്ചതും! മരണവീടു പോലെ ദുഃഖം തളം കെട്ടിയ ഭവനത്തിൽ അവൻ സന്തോഷം കൊണ്ട് നിറയ്ക്കുകയായിരുന്നു. ഈ ദുഃഖത്തെ അവൻ സന്തോഷമായി മാറ്റിമറിക്കുകയായിരുന്നു. ഒരു പുതിയ കുഞ്ഞിന്റെ വരവോടെ. ഇപ്പോൾ അവൻ വളർന്ന് ഒരു പുരുഷനായി തീർന്നിരിക്കുന്നു. അവന്റെ പേര് അബ്ദുൽ മുഹയ്മിൻ അലീമുദ്ദീൻ സലീം അസീം എന്നാകുന്നു. അൽഹംദുലില്ലാഹ് സുമ്മ അൽഹംദുലില്ലാഹ്! ഇതുവരേയും ഞാൻ അവനുമായി സന്തോഷത്തിലാണ്. ജമാഅത്തു ജോലികൾ ചെയ്യുന്നതിൽ അവൻ വ്യാവൃതനാണ്. ജമാഅത്തു ജോലികൾ അവന്റെ ജീവിതത്തിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ഘടകമായിരിക്കുവാനായി ഞാൻ അല്ലാഹുവിനോട് ദുആ ചെയ്യുന്നു. ഇൻശാ അല്ലാഹ്! അവൻ ദൈവീക ദൃഷ്ടാന്തവുമായി ചേർന്ന് നിന്ന്, അല്ലാഹുവിന്റെ വഴിയിൽ, മഹത്തായ ജോലികൾ ചെയ്യുവാനുള്ള ഭാഗ്യത്തിനായി ഞാൻ അല്ലാഹുവിനോട് ദുആ ചെയ്യുന്നു. ആമീൻ!ഭാവി എന്തായിരിക്കുമെന്നറിയുന്നവൻ അല്ലാഹു മാത്രമാണ്. ഇതുവരേയും അതു സംബന്ധമായി ദൈവീക വെളിപാടുകളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ഞാൻ അവനു വേണ്ടി ദുആ ചെയ്യുന്നു. അവൻ ഒരു നല്ല ദാഇഈ ഇലല്ലാഹ് ആയിരിക്കുവാനായി ഇൻശാ അല്ലാഹ്! ആമീൻ! സുമ്മ ആമീൻ!

ഞാൻ അല്ലാഹു(ത)യോട് ദുആ ചെയ്യുന്നു. അല്ലാഹുവിന്റെ സമ്പൂർണ്ണ വചനങ്ങൾക്കെതിരിൽ കുഴപ്പങ്ങൾ സൃഷ്ടിക്കുന്ന സാത്താൻമാരിൽ നിന്നും, ദുഷ്ട കണ്ണുകളാൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്ന എല്ലാ ജീവികളിൽ നിന്നുമുള്ള സംരക്ഷണത്തിനായി ഞാൻ അവന്റെ മുൻപാകെ യാചിച്ചു കിടക്കുകയാണ്. ആമീൻ, സുമ്മ ആമീൻ, യാ റബ്ബൽ ആലമീൻ!

ഇൻശാ അല്ലാഹ് വെളിപാടുകളിലൂടെ ലഭ്യമായ ദുആകൾ അടുത്ത ആഴ്ചയും തുടരുന്നതാണ്. അല്ലാഹു(ത) അവ, നല്ല നിലയിൽ അവതരിപ്പിക്കുവാനുള്ള തൗഫീഖ് നല്കി അനുഗ്രഹിക്കട്ടെ! ഇൻശാ അല്ലാഹ്! ആമീൻ!

***Translated & Issued by : Mukarram R. Jamaludin Raother***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India, E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***